മോഹനൻ മരണമടഞ്ഞതുവരെയുള്ള സംഭവങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഒരു മുൻവിധിയുമില്ലാതെ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്. യഥാർത്ഥ കുറ്റവാളി ആരാണെങ്കിലും നടപടിയെടുക്കണമെന്ന് പോലീസിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് കേസ്സന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ നിർവാഹമില്ല. ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. ഇയാൾ മരിച്ചയുടനെ 302-ാം വകുപ്പ് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തു. അത് ജനങ്ങൾ പിടിച്ചുതന്നതുമുതൽ ഇദ്ദേഹം മരിയ്ക്കുന്നതുവരെയുള്ള എല്ലാ സംഭവവും ഡീറ്റെയ്ൽഡ് ആയിട്ട് ഇൻവെസ്റ്റിഗേറ്റ് ചെയ്യും. മോഹനന്റേത് സ്വാഭാവിക മരണമല്ല എന്നുള്ളത് ഉറപ്പാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നത് കുടലിൽ ക്ഷതം ഏറ്റിട്ടുണ്ടെന്നാണ്. അത് ആര് ഏല്പിച്ചുവെന്നുള്ളതിനെ സംബന്ധിച്ച് കേസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് മുഖം നോക്കാതെ പോലീസായാലും ശരി നാട്ടുകാർ ആയാലും ശരി നടപടിയെടുക്കണമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. ഇന്ന ആളാണ് അക്യൂസ്ഡ് എന്ന് ഗവൺമെന്റിന് ഇപ്പോൾ പറയാൻ പറ്റുകയില്ല.....ബഹളം..... ഇൻവെസ്റ്റിഗേഷനിൽ ഇടപെടാൻ പറ്റുകയില്ല. ...ബഹളം.....

മി. സ്പീക്കർ : നോ..... നോ.... ഡിസ്കഷൻ, ഈ വിഷയം സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചു സംസാരിച്ചതാണ്.

(2) ബത്തേരി പോലീസ് സ്റ്റേഷൻ പരിസരത്ത് നടന്ന സ്ഫോടനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ബത്തേരി പോലീസ് സ്റ്റേഷനോട് ചേർന്ന് നില്ക്കുന്ന ഊളി മരത്തിന്റെ ചുവട്ടിൽനിന്ന് ഒരു സ്ഫോടനം 2-7-1999 വെള്ളിയാഴ്ച വൈകുന്നേരം 5.05-ന് ഉണ്ടായി. ഒരു കിലോമീറ്റർ അകലത്തിൽ വരെ ഇതിന്റെ ശബ്ദം കേട്ടതായി ആളുകൾ പറയുന്നു. എന്റെ നിയോജക മണ്ഡലമായതുകൊണ്ട് ഞാൻ ആ സ്ഥലത്തെ പോലീസ് സ്റ്റേഷനിൽപോയി അന്വേഷണം നടത്തി. സ്ഫോടനം നടന്ന സ്ഥലത്തുനിന്ന മരത്തിന്റെ കൊമ്പ് പോയിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെയും പോലീസ് സ്റ്റേഷന്റെയും ഭിത്തികൾക്ക് കേട്പാടുകൾ പറ്റിയിട്ടുണ്ട്. ജനാല ചില്ലുകളും തകർന്നിട്ടുണ്ട്. ഏത് രൂപത്തിലാണ് സ്ഫോടനം ആളുകൾക്ക് അറിയാൻ പാടില്ല. അന്ന് നബിദിനമായതുകൊണ്ട് സർക്കിൾ ഇൻസ്പെക്ടറും എസ്.ഐ.യും നബിദിനറാലി വീക്ഷിക്കാൻ വേണ്ടി പോയിരിക്കുകയായിരുന്നുവെന്നാണ് പറയുന്നത്. ഒന്നു രണ്ട് പോലീസുകാർ മാത്രമേ സ്ഥലത്തുണ്ടായിരുന്നുള്ളൂ. സ്ഫോടനം നടന്ന സ്ഥലത്തിനോട് ചേർന്ന് പോലീസുകാർക്ക് ആഹാരം പാചകം ചെയ്യുന്നതിനു വേണ്ടി ഒരു ഷെഡ്ഡുണ്ടായിരുന്നു, ആ ഷെഡ്ഡും തകർന്നുപോയിട്ടുണ്ട്. ഈ സ്റ്റേഷൻ ഒരു കുന്നിന്റെ പുറത്താണ്. ആ നിലയ്ക്ക് വളരെയധികം ആളുകൾ ശബ്ദം കേട്ടിട്ടുണ്ട്. ആളുകൾക്ക് ആശങ്കയുണ്ട്. ഈ സ്ഫോടനത്തെപ്പറ്റി അന്വേഷണം നടത്തണം. പോലീസുകാർ കൊണ്ടുവച്ചിരുന്ന പടക്കമോ മറ്റോയെടുത്ത് വലിച്ചെറിഞ്ഞ്, അവരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ചതായിരിക്കുമെന്നാണ് എന്റെ നിഗമനം. വേണ്ട അന്വേഷണം നടത്തി നടപടിയെടുക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വയനാട് സുൽത്താൻബത്തേരി പോലീസ് സ്റ്റേഷന്റെ ഒരു ഭാഗത്ത്, 6 മീറ്ററോളം മാറി വർഷങ്ങളോളം പഴക്കമുള്ള ഒരു വടവൃക്ഷം നിൽപ്പുണ്ട്. അതിന്റെ ചുവട്ടിലും പരിസരത്തുമായി വർഷങ്ങളായി ചപ്പുചവറുകൾ ഇട്ടുവരുന്നതും വിറകു കഷണങ്ങൾ കൂട്ടിയിരിക്കുന്നതുമാണ്. 2-7-1999 ന് ഉദ്ദേശം 5 മണിയോടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആ ഭാഗത്ത് എന്തോ ഒരു സാധനം പൊട്ടിത്തെറിച്ചു. അപ്പോൾ സ്റ്റേഷനോടു ചേർന്ന് താൽക്കാലികമായി കെട്ടിയിരുന്ന ഓലഷെഡ് നശിച്ചുപോയി. സ്റ്റേഷനിലെ ജനൽ വാതിലുകളുടെ കണ്ണാടിച്ചില്ലുകൾ പൊട്ടിപ്പോയി. ഈ കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം ക്രൈം 286-ാം വകുപ്പു പ്രകാരം 273/99-ാം നമ്പരായി സുൽത്താൻബത്തേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പൊട്ടിത്തെറിച്ച വസ്തു എന്താണെന്നുള്ളതിനെക്കുറിച്ച് വിദഗ്ദ്ധ പരിശോധന നടത്തി വരികയാണ്. ആയതിന്റെ ഫലം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ കാര്യങ്ങൾ വ്യക്തമാകുന്നതാണ്. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്ക് മാനന്തവാടി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസ് ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലാണ്.

(3) തൃശ്ശൂർ ജില്ലയിലെ ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കേരളത്തിൽ കളിമൺ വ്യവസായം നശിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് അഞ്ഞൂറോളം ഓടു കമ്പനികളിലായി മുപ്പതിനായിരത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉള്ളത് തൃശൂർ ജില്ലയിലാണ്. ഇവിടെ 350-ഓളം ഓട്ടു കമ്പനികളിലായി 13,000 തൊഴിലാളികൾ പണിയെടുക്കുന്നു. ഓടു വ്യവസായം ഉൽപാദന വിപണന മേഖലയിൽ വലിയ ഭീഷണി നേരിടുകയാണ്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുപ്പതോളം ഫാക്ടറികൾ അടുത്തകാലത്ത് തൃശ്ശൂർ ജില്ലയിൽ മാത്രം അടച്ചുപൂട്ടുകയും പൊളിച്ചുനീക്കുകയും ചെയ്തിട്ടുണ്ട്. ഗുണമേന്മയുള്ള കളിമണ്ണ് കിട്ടാത്തതുകൊണ്ടും കറണ്ട് ചാർജ്ജിന്റേയും വിറകിന്റേയും വില വിർദ്ധിച്ചതുകൊണ്ടും കമ്പനികൾ നടത്തിക്കൊണ്ട് പോകാൻ കഴിയുന്നില്ല. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് ഓട് ഉൽപന്നങ്ങൾ ധാരാളം കയറ്റി അയച്ചിരുന്നു. ഇപ്പോൾ തമിഴ്നാട്ടിലും കർണാടകയിലും മാത്രമാണ് മേച്ചിൽ ഓടിന് ചെലവുള്ളത്. കേരളത്തിലെ ഈ പരമ്പരാഗത വ്യവസായത്തെ സർക്കാർ സംരക്ഷിക്കണം. കറണ്ടും വിറകും വില കുറച്ചു കൊടുക്കണം. സുലഭമായി കളിമണ്ണ് കിട്ടുന്നതിന് സൗകര്യമുണ്ടാക്കണം. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് കളിമണ്ണ് എടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള റോയൽറ്റി ഒഴിവാക്കിക്കൊടുക്കണം. ഓട് കമ്പനികൾ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകണം. വ്യവസായ വകുപ്പിൽനിന്നും ഇതിന് ആവശ്യമായ ഗ്രാന്റും പ്രോൽസാഹനവും നൽകണം. കോടിക്കണക്കിന് ഓട് കെട്ടിക്കിടക്കുകയാണ്. സർക്കാരിന്റെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly